# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:17.06.2024**

## പ്രധാനവാർത്തകൾ

1. പി.എം.കിസാൻ സമ്മാൻ നിധി പദ്ധതിയുടെ ഭാഗമായി 20,000 കോടിയിലധികം രൂപ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വിതരണം ചെയ്യും ; കോട്ടയത്തെ കിസാൻ സമ്മേളനത്തിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പങ്കെടുക്കും.

2. പശ്ചിമബംഗാളിൽ ട്രെയിനുകൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മരണം 9 ആയി ; ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും കേന്ദ്രം ധനസഹായം പ്രഖ്യാപിച്ചു, സംഭവം റെയിൽവേ സേഫ്റ്റി കമ്മീഷൻ അന്വേഷിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

3. ത്യാഗത്തിൻറേയും സമർപ്പണത്തിൻറേയും ഓർമ്മ പുതുക്കി വിശ്വാസികൾ ഇന്ന് ബലിപെരുന്നാൾ ആഘോഷിച്ചു.

4. ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ന്യൂസിലൻഡ് പാപ്പുവ ന്യൂ ഗിനിയയുമായി ഏറ്റുമുട്ടും.

5. യൂറോ കപ്പിൽ റൊമാനിയ - യുക്രൈൻ മത്സരം അല്പസമയത്തിനകം.

*****************************

RNUTVPM

## .കിസാൻ സമ്മാൻ നിധി

പി.എം.കിസാൻ സമ്മാൻ നിധിയുടെ പതിനേഴാം ഗഡുവിൻറെ ഭാഗമായി 20,000 കോടിയിലധികം രൂപ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വിതരണം ചെയ്യും. വാരണാസിയിൽ നടക്കുന്ന ചടങ്ങിൽ 9 കോടി 26 ലക്ഷത്തോളം കർഷകർക്കാണ് തുക വിതരണം ചെയ്യുക. നിലവിൽ പദ്ധതിയുടെ ഭാഗമായി 11 കോടിയിലധികം കർഷകർക്കായി 3 ലക്ഷം കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു. സ്വയം സഹകരണ സംഘങ്ങളിൽ അംഗങ്ങളായ 30,000 വനിതാകർഷകർക്ക് കൃഷി സഖികൾക്കുള്ള സാക്ഷ്യപത്രവും പ്രധാനമന്ത്രി വിതരണം ചെയ്യും.

*****************************

## കിസാൻ സമ്മാൻ-ജോർജ് കുര്യൻ

പി എം കിസാൻ സമ്മാൻ നിധി പതിനേഴാം ഗഡു വിതരണത്തിൻറെ ഭാഗമായി കോട്ടയം കുമരകത്ത് സംഘടിപ്പിക്കുന്ന കിസാൻ സമ്മേളനത്തിൽ കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ പങ്കെടുക്കും. നാളെ ഉച്ചയ്ക്ക് 2.30 ന് കുമരകം കൃഷി വിജ്ഞാൻ കേന്ദ്രത്തിലാണ് പരിപാടി. പരിപാടിയിൽ കർഷകർക്ക് കാർഷിക ഉൽപന്ന ഉപാധികൾ കേന്ദ്ര സഹമന്ത്രി വിതരണം ചെയ്യും.

*****************************

## പ്രധാനമന്ത്രി - യുപി, ബീഹാർ

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെയും മറ്റന്നാളുമായി ഉത്തർപ്രദേശും ബിഹാറും സന്ദർശിക്കും. നാളെ വൈകിട്ട് ശ്രീ.നരേന്ദ്രമോദി ദശാശ്വമേധ് ഘട്ടിൽ ഗംഗ ആരതിയിൽ പങ്കെടുക്കും. കാശി വിശ്വനാഥ ക്ഷേത്രത്തിലും അദ്ദേഹം ദർശനം നടത്തും. മറ്റന്നാൾ നളന്ദ സർവകലാശാലയുടെ രാജ് ഗിറിലുള്ള

RNUTVPM

ക്യാമ്പസ് ഉദ്ഘാടനം ചെയ്യും. 17 രാജ്യങ്ങളുടെ പ്രതിനിധികൾ നളന്ദയിലെ ചടങ്ങിൽ പങ്കെടുക്കും.

****************************

## ട്രെയിൻ അപകടം

പശ്ചിമബംഗാളിലെ ഡാർജിലിംഗ് ജില്ലയിലെ രംഗപാണി സ്റ്റേഷന് സമീപം ട്രെയിനുകൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മൂന്ന് റെയിൽവെ ഉദ്യോഗസ്ഥർ ഉൾപ്പെടെ ഇതുവരെ 9 പേർ മരിച്ചതായി റെയിൽവെ അറിയിച്ചു. 40-ലധികം പേർക്ക് പരിക്കേറ്റിട്ടുണ്ട്. 9 പേരുടെ നില ഗുരുതരമാണ്. പരിക്കേറ്റ് ചികിത്സയിലുള്ളവരെ കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് സന്ദർശിച്ചു. സംഭവം റെയിൽവേ സേഫ്റ്റ് കമ്മീഷൻ അന്വേഷിക്കുമെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു. ചരക്ക് തീവണ്ടിയുടെ ലോക്കോ പൈലറ്റ് സിഗ്നൽ അവഗണിച്ചതാണ് അപകട കാരണമെന്നാണ് പ്രാഥമിക നിഗമനം.. ത്രിപുരയിലെ അഗർത്തലയിൽ നിന്ന് ബംഗാളിലെ സിൽദയിലേക്ക് സർവ്വീസ് നടത്തുന്ന കാഞ്ചൻജംഗ എക്സ്പ്രസാണ് അപകടത്തിൽപ്പെട്ടത്. ട്രെയിനിൻറെ മൂന്ന് കോച്ചുകൾക്ക് സാരമായി കേടുപാടുകൾ സംഭവിച്ചു. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

PRIUTVPM

****************************

## ട്രെയിനപകടം-ധനസഹായം

പശ്ചിമബംഗാൾ ട്രെയിൻ അപകടത്തിൽ റെയിൽവേ നഷ്ടപരിഹാരം പ്രഖ്യാപിച്ചു. ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് **10 ലക്ഷം** രൂപയും ഗുരുതര പരിക്കേറ്റവർക്ക് **രണ്ടര ലക്ഷം** രൂപയും നിസാര പരിക്കുകൾക്ക് **50,000** രൂപയും നഷ്ടപരിഹാരം നൽകുമെന്ന് കേന്ദ്ര റയിൽവെ മന്ത്രി അശ്വനി വൈഷ്ണവ് പറഞ്ഞു.

ഇതിനു പുറമെ പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം പ്രഖ്യാപിച്ചു. മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് **രണ്ട് ലക്ഷം** രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും നൽകും.

*****************************

## റെയിൽ അപകടം-കോൺഗ്രസ്

റെയിൽവേയുടെ പ്രവർത്തനത്തിൽ വിഴ്ച ആരോപിച്ച് സർക്കാരിനെതിരെ വിമർശനവുമായി കോൺഗ്രസ്. കഴിഞ്ഞ പത്തുവർഷമായി റെയിൽവേ മന്ത്രാലയത്തിൽ കെടുകാര്യസ്ഥതയാണെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ആരോപിച്ചു. പശ്ചിമ ബംഗാളിലെ ദാരുണമായ അപകടത്തിൽ ശ്രീ ഖാർഗെ ദുഃഖം രേഖപ്പെടുത്തി.

*****************************

## സംസ്കാരം - കുവൈറ്റ് ദുരന്തം

കുവൈറ്റിൽ തീപിടുത്ത ദുരന്തത്തിൽ മരിച്ച പത്തനംതിട്ട മല്ലപ്പള്ളികീഴ് വായ്പൂര് സ്വദേശി സിബിൻ ടി. ഏബ്രഹാമിന്റെയും കോന്നി അട്ടച്ചാക്കൽ സ്വദേശി സജു വർഗീസിൻറെയും സംസ്കാരം നടന്നു. കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ രണ്ടിടങ്ങളിലുമെത്തി അന്ത്യോപചാരം അർപ്പിച്ചു. ആന്റോ ആന്റണി എം.പി തുടങ്ങി രാഷ്ട്രീയ സാമൂഹിക, സാസ്കാരിക മേഖലകളിലെ നിരവധി പേർ അന്ത്യാഞ്ജലി അർപ്പിച്ചു. തീപിടുത്തത്തിൽ മരണമടഞ്ഞ ചെങ്ങന്നൂരിലെ മാത്യു തോമസൻറെ വസതിയും ശ്രീ ജോർജ് കുര്യൻ സന്ദർശിച്ചു.

*****************************

RNU TVPM

## ജോർജ് കുര്യൻ-പത്തനംതിട്ട

കുവൈത്ത് ദുരന്തത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്കുള്ള ധനസഹായം നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കൈമാറുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. അഗ്നിബാധയിൽ ജീവൻ നഷ്ടപ്പെട്ട അഞ്ച് പത്തനംതിട്ട സ്വദേശികളുടെ വീടുകൾ സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രിയുടെ നിർദേശപ്രകാരമാണ് നന്ദർശനം നടത്തിയതെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

*****************************

## എം.ബി.രാജേഷ്

പുതിയ മദ്യനയത്തിൽ എൻഫോഴ്സ്മെൻറ് വിഭാഗം ശക്തിപ്പെടുത്താനും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും മുൻഗണന നൽകുമെന്ന് മന്ത്രി എം ബി രാജേഷ്. വാളയാർ എക്സൈസ് ചെക്ക് പോസ്റ്റിൽ പുതിയ കണ്ടെയ്നർ മോഡ്യൂളിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. പുതിയ ചെക്ക് പോസ്റ്റ് അതിർത്തി കടന്നുള്ള ലഹരി കടത്ത് തടയാൻ സഹായകമാകുമെന്നും മന്ത്രി പറഞ്ഞു.

RNUTVPM

*****************************

## ബലി പെരുന്നാൾ

ത്യാഗത്തിൻറേയും സമർപ്പണത്തിൻറേയും സ്മരണയിൽ വിശ്വാസികൾ ഇന്ന് ബലിപെരുന്നാൾ ആഘോഷിച്ചു. പ്രവാചകൻ ഇബ്രാഹിം നബിയുടെ ത്യാഗത്തിന്റെ ഓർമ്മ പുതുക്കുകയാണ് ഓരോ ബലി പെരുന്നാളും. സംസ്ഥാനത്ത് പള്ളികളിലും ഈദ് ഗാഹുകളിലും പെരുന്നാൾ നമസ്ക്കാരം നടന്നു. മക്കയിലെ ഹജ്ജ്

കർമ്മത്തിൻറെ പരിസമാപ്തി കൂടിയാണ് ഈദ് ഉൽ അസ്ഹ എന്നറിയപ്പെടുന്ന ബലി പെരുന്നാൾ.

*****************************

## ബിലിവേഴ്സ് ഈസ്റ്റേൻ ചർച്ച്

ബിലിവേഴ്സ് ഈസ്റ്റേൻ ചർച്ച് സഭാ അധ്യക്ഷനായി ഡോ. സാമുവേൽ മാർ തിയോഫിലോസ് തിരഞ്ഞെടുക്കപ്പെട്ടു. സഭാ ആസ്ഥാനത്തുനടന്ന സഭാ സിനഡ് യോഗത്തിലായിരുന്നു തീരുമാനം. മുതിർന്ന മെത്രാപ്പോലീത്തയായ അദ്ദേഹം ചെന്നൈ ഭദ്രാസനാധിപനായിരുന്നു. സ്ഥാനാരോഹണം ജൂൺ 22 നു നടക്കും. സഭാ സിനഡ് സെക്രട്ടറിയായി, ജോഷ്വാ മാർ ബർണബാസ് എപ്പിസ്ക്കോപ്പ തെരഞ്ഞെടുക്കപ്പെട്ടു.

*****************************

## വൈശാഖ മഹോത്സവം

ഒരുമാസക്കാലത്തോളം നീണ്ടു നിന്ന കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് സമാപനമായി. തൃക്കലശാട്ടോടെയാണ് ഉത്സവം സമാപിച്ചത്. രാവിലെ വാകച്ചാർത്തോടെ ചടങ്ങുകൾ ആരംഭിച്ചത്. ഉത്സവകാലത്ത് എത്തിച്ച ദേവതകളെയെല്ലാം വിഗ്രഹത്തിൽനിന്ന് തിരികെ ആവാഹിച്ച് വാളുകളിൽ ലയിപ്പിക്കുന്ന വാളാട്ടവും കുടിപതികളുടെ തേങ്ങയേറും നടന്നു. ഇനി 11 മാസങ്ങൾക്ക് ശേഷമായിരിക്കും അക്കരെ കൊട്ടിയൂരിൽ ആളനക്കം ഉണ്ടാവുക.

*****************************

## ക്രിക്കറ്റ്

ട്വൻറി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് രാത്രി എട്ടിന് നടക്കുന്ന മത്സരത്തിൽ ന്യൂസിലൻഡ് പാപ്പുവ ന്യൂഗിനിയയുമായി

RNU TVPM

ഏറ്റുമുട്ടും. രാവിലെ നടന്ന ഗ്രൂപ്പ് മത്സരങ്ങളിൽ ബംഗ്ലാദേശിനും ശ്രീലങ്കയ്ക്കും ജയം. ഗ്രൂപ്പ് -ഡിയിലെ പോരാട്ടത്തിൽ നേപ്പാളിനെ 21 റൺസിനാണ് ബംഗ്ലാദേശ് പരാജയപ്പെടുത്തിയത്. മറ്റൊരു മൽസരത്തിൽ നെതർലാൻഡ്സിനെ ശ്രീലങ്ക 83 റൺസിന് തോൽപ്പിച്ചു.

****************************

## യൂറോ കപ്പ്

യൂറോ കപ്പിൽ റൊമാനിയ - യുക്രൈൻ മത്സരം പുരോഗമിക്കുന്നു. ജർമനിയിലെ അലയൻസ് അരീന സ്റ്റേഡിയത്തിലാണ് മത്സരം. രാത്രി 9.30 ന് നടക്കുന്ന മത്സരത്തിൽ ബെൽജിയം സ്ലോവാക്യയെ നേരിടും. മറ്റൊരു മത്സരത്തിൽ ഓസ്ട്രിയ ഫ്രാൻസിനെ നേരിടും. രാത്രി 12.30 നാണ് മത്സരം.

RNU TVPM

****************************

## വിഴിഞ്ഞം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ഈ മാസം തന്നെ ട്രയൽ റൺ ആരംഭിക്കാൻ സംസ്ഥാന സർക്കാർ തീരുമാനം. തുറമുഖം പ്രവർത്തനം ആരംഭിക്കുന്നതിന് ഏതാനും അനുമതികൾ കൂടി ലഭിക്കാനുണ്ടെങ്കിലും ആദ്യ ഘട്ടത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇതിനകം പൂർത്തിയായിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു. കസ്റ്റംസ് അംഗീകാരം ലഭിച്ചതോടെ തുറമുഖത്തിലൂടെയുള്ള ചരക്കുനീക്കവും നിയമവിധേയമായി. വലിയ മദർഷിപ്പുകൾക്ക് എത്താൻ കഴിയുന്ന രാജ്യത്തെ ഒരേ ഒരു തുറമുഖമാണ് വിഴിഞ്ഞം.

****************************

## അറസ്റ്റ്

കൊല്ലം കേരളപുരത്ത് പത്ത് വയസുകാരിയായ മകളെ മദ്യലഹരിയിൽ ക്രൂരമായി മർദ്ദിച്ച അച്ഛൻ അറസ്റ്റിൽ. കേരളപുരം സ്വദേശി ഷിബു ആണ് കുണ്ടറ പോലീസിന്റെ പിടിയിലായത്.

*****************************

## കാലാവസ്ഥ

സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാവകുപ്പ് മഞ്ഞ ജാഗ്രത നിർദ്ദേശം നൽകി. കേരള, തമിഴ്നാട് തീരങ്ങളിൽ ഇന്ന് അർധരാത്രി വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

*****************************

## പുസ്തകോത്സവം

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലുള്ള പബ്ലിക്കേഷൻസ് ഡിവിഷന്റെ പുസ്തകോത്സവം നാളെ മുതൽ ഈ മാസം 21 വരെ തിരുവനന്തപുരത്ത് നടക്കും. സർക്കാർ പ്രസ്സിന് സമീപത്തുള്ള സെയിൽസ് എംപോറിയത്തിലാണ് മേള നടക്കുക. ദേശീയ പ്രാധാന്യമുള്ളതും രാജ്യത്തിന്റെ സമ്പന്നമായ ചരിത്ര, സാംസ്കാരിക പൈതൃകത്തെ അടയാളപ്പെടുത്തുന്നതുമായ അറുന്നൂറിൽപ്പരം ഗ്രന്ഥങ്ങൾ പുസ്തകമേളയിൽ വില്പനയ്ക്കായുണ്ടാകും. കേന്ദ്ര സർക്കാരിന്റെ വിവിധ മാഗസിനുകളുടെ വരിക്കാരാകുവാനുള്ള സൗകര്യവും മേളയിൽ ഉണ്ട്.

**************************************************************************

*********************************

RNU TVPM